**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ശുഭയാത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച 'ഓപ്പറേഷൻ ശുഭയാത്ര' പദ്ധതിയിലേക്ക് വരുന്ന പരാതികളിന്മേലുള്ള അന്വേഷണ പുരോഗതി വിലയിരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച ‘ഓപ്പറേഷൻ ശുഭയാത്ര'യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പോലീസ് സൂപ്രണ്ട് എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പരാതികളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്നതിന് മേൽ ഉദ്യോഗസ്ഥരുടെ യോഗം മാസം തോറും ചേരാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചു; ആയതിൽ എത്ര പരാതികളിന്മേൽ അന്വേഷണം നടത്തി നടപടി പൂർത്തീകരിച്ചു; വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ നോർക്ക-റൂട്ട്സിൽ 32 പരാതികൾ ലഭിച്ചിട്ടുണ്ട്. അവ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, പോലീസ് സൂപ്രണ്ട് (എൻ.ആർ.ഐ.സെൽ) എന്നിവർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ